ക്രമപ്രശ്നം

(2) അംഗങ്ങൾ ഹാജർ രേഖപ്പെടുത്തിയശേഷം വെട്ടിക്കളഞ്ഞത് സംബന്ധിച്ച്

Minister for Power (*Shi Aryadan Muhammed*): Sir, I raise a point of Order. Rule 172 : The Secretary shall on the days of sittings of the Assembly, keep an attendance book, which shall be signed, every day by the members (other than the Speaker and the Ministers) present. ഈ അസംബ്ലിയിൽ ഹാജരാകുന്ന ആളുകൾ അറ്റൻഡൻസ് ബുക്കിൽ ഒപ്പിട്ട് വരും. ഇവിടെ മെമ്പർമാർ ഹാജരായി നടപടികളിൽ participate ചെയ്തു, അവർ ഒപ്പിടുകയും ചെയ്തു. ഒപ്പിട്ടതിനുശേഷം ഇവിടെ പറയുകയാണ്, ഞങ്ങൾ അത് വെട്ടിക്കളയുകയാണ് എന്ന്. ഞാൻ അറ്റൻഡൻസ് ബുക്ക് നോക്കി. That is a public document. അത് വെട്ടിക്കളഞ്ഞിട്ട് absent എന്നെഴുതിയിരിക്കുന്നു. ഇത് record tampering ആണ്. കാരണം ഇവിടെ അറ്റൻഡ് ചെയ്തു, ഓപ്പണായി പറഞ്ഞു. ചിലർ ഒപ്പിട്ടിരിക്കുന്നത് ഞങ്ങൾ വെട്ടിക്കളയുകയാണ് എന്നു പറഞ്ഞു. അത് യഥാർത്ഥത്തിൽ തെറ്റായിട്ടുള്ളതാണ്. എന്നുമാത്രമല്ല, The Secretary shall on the days of Sittings of the Assembly, keep an attendance book, which shall be signed, every day by the Members..... "Which shall" അത് ചെയ്യണം. ഒപ്പിടണം. ഒരുകാര്യം ചെയ്യാം, അവർക്ക് വേണ്ടെങ്കിൽ ഞങ്ങൾ ഇന്നത്തെ സിറ്റിംഗ് ഫീ വാങ്ങിക്കുന്നില്ല എന്ന് സ്പീക്കർക്ക് എഴുതിക്കൊടുക്കാം. അതല്ലാതെ റൂൾ 172 അനുസരിച്ച് അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിട്ടതിനുശേഷം അത് വെട്ടിക്കളയാൻ യാതൊരു അധികാരവുമില്ല. Absent എന്ന് എഴുതുന്നതും തെറ്റ്. അതുകൊണ്ട് ഒരു തെറ്റായ കീഴ്വഴക്കം ഉണ്ടാക്കാൻ പാടില്ല. അത് റൂൾ 172-ന് വിരുദ്ധമായിട്ടുള്ളതാണ്. അവർക്ക് വേണമെങ്കിൽ സിറ്റിംഗ് ഫീസ് വേണ്ടെന്നുപറഞ്ഞ് അങ്ങേക്ക് എഴുതിത്തരാം. ആ നടപടി തെറ്റാണ്. അതുകൊണ്ട് അതിനെ സംബന്ധിച്ച് എനിക്കൊരു റൂളിംഗ് വേണം.

മി. സ്പീക്കർ: ഇതിനെ സംബന്ധിച്ചൊരു റൂളിംഗ് പ്രതിപക്ഷംകൂടിയുള്ളപ്പോൾ നൽകുന്നതാണ് നല്ലത് എന്നുള്ളതുകൊണ്ട് നാളേക്ക് വച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ്: ഇങ്ങനെ absent ആണെന്ന് അവർ പ്രഖ്യാപിച്ചിരിക്കുന്നതുകൊണ്ട്, അവർ രാവിലെ പങ്കെടുത്ത സഭാനടപടികളുടെ സ്ഥിതി എന്താണെന്നുകൂടി റൂളിംഗ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: റൂളിംഗ് നാളെ തരാം.

2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ബില്ലും 2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ബില്ലും 2005 ജൂലൈയ് മാസം 7-ാം തീയതി സഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. പ്രസ്തുത ബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകൾ 2005 ജൂലൈയ് മാസം 6-ാം തീയതി ഉച്ചയ്ക്കുശേഷം മൂന്ന് മണിവരെ നൽകാവുന്നതാണ്. ഇന്ന് ബി.എ.സി. കൂടാത്തതുകൊണ്ട്.....

ശ്രീ. ആര്യാടൻ മുഹമ്മദ്: റൂൾ 172 അനുസരിച്ച് സൈൻ ചെയ്യണം. സൈൻ പെയ്ത് അറ്റൻഡ് ചെയ്യണം. അങ്ങനെ സൈൻ ചെയ്യാത്ത ആളുകൾ, ഹാജരാകാത്ത ആളുകൾ, അത് ഇവിടെ റിക്കാർഡിൽ വരണം. അതിന്റെ പൊസിഷൻ എന്തായിരിക്കും? പ്രൊസീഡിംഗ്സിൽ ഉണ്ടാകുമോ? ഇല്ലേ? അതുകൂടി അഞ്ച് റൂൾ ചെയ്യണം.

മി. സ്പീക്കർ: ബി.എ.സി. കൂടാത്തതുകൊണ്ട് ഏഴാം തീയതിയിലെ കാര്യംകൂടി ഇപ്പോൾ പറയേണ്ടിവന്നതാണ്. ഈ രണ്ട് ബില്ലുകളും ഏഴാം തീയതിയിലേക്ക് വച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ജൂലൈ മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 2.42-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly